# 117/2017 - M

1. താഴെ പറയുന്നവയിൽ ഇന്ത്യയുടെ അയൽ രാജ്യം അല്ലാത്തത് ഏത് ?
   (A) നേപ്പാൾ (B) ജപ്പാൻ (C) മ്യാൻമർ (D) പാക്കിസ്ഥാൻ

2. വെള്ളുത്ത ഭൂഖണ്ഡം എന്ന് അറിയപ്പെടുന്നത് :
   (A) ഏഷ്യ (B) ആഫ്രിക്ക (C) അന്റാർട്ടിക്ക (D) യൂറോപ്പ്

3. 'ഇന്ത്യൻ ഭരണ ഘടനയുടെ ശിൽപി' എന്ന് അറിയപ്പെടുന്നത് :
   (A) ഡോ. ബി.ആർ. അംബേദ്ക്കർ (B) ജവഹർലാൽ നെഹ്റു
   (C) ഡോ. രാജേന്ദ്രപ്രസാദ് (D) സർദാർ വല്ലഭായ് പട്ടേൽ

4. 2020 -ലെ ഒളിമ്പിക്സ് അരങ്ങേറുന്ന നഗരം :
   (A) റിയോ ഡി ജനീറോ (B) ലണ്ടൻ
   (C) ടോക്കിയോ (D) ബ്രസ്സൽസ്

5. കേരളത്തിന്റെ സംസ്ഥാന മൃഗം :
   (A) ആന (B) കടുവ (C) പശു (D) കാള

6. ഇന്ത്യയുടെ ഏറ്റവും കിഴക്കുള്ള സംസ്ഥാനം :
   (A) ജമ്മു-കാശ്മീർ (B) സിക്കിം
   (C) അരുണാചൽ പ്രദേശ് (D) ആസ്സാം

7. ശ്രീനഗറും കാർഗിലും തമ്മിൽ ബന്ധിപ്പിക്കുന്ന ചുരം ?
   (A) ഷിപ്കിലാ (B) സോജില (C) ലിപുലേ (D) നാഥുല

8. കേരളത്തിൽ ഉപ്പുസത്യാഗ്രഹത്തിന്റെ കേന്ദ്രം :
   (A) കോഴിക്കോട് (B) മലപ്പുറം (C) പയ്യന്നൂർ (D) വയലാർ

9. ഇന്ത്യയിലെ ആകെ സംസ്ഥാനങ്ങളുടെ എണ്ണം :
   (A) 28 (B) 27 (C) 30 (D) 29

10. റബ്ബറിന്റെ ജന്മദേശം :

(A) ഇന്ത്യ (B) ബ്രസീൽ

(C) മെക്സിക്കോ (D) നെതർലാൻഡ്

11. ഫ്രഞ്ചുവിപ്ലവസമയത്ത് ഫ്രാൻസിലെ ചക്രവർത്തി :

(A) ലൂയി XIV (B) ലൂയി XV

(C) ലൂയി പതിമൂന്ന് (D) ലൂയി പതിനാറ്

12. മണ്ണിനെക്കുറിച്ചുള്ള പഠനം :

(A) പെഡോളജി (B) മെട്രോളജി (C) ഡെർമറ്റോളജി (D) പീഡിയോളജി

13. പഞ്ചശീലതത്ത്വങ്ങളിൽ ഒപ്പുവെച്ച രാജ്യങ്ങൾ :

(A) ഇന്ത്യയും ശ്രീലങ്കയും (B) ഇന്ത്യയും മ്യാൻമാറും

(C) ഇന്ത്യയും ചൈനയും (D) ഇന്ത്യയും റഷ്യയും

14. ധനബിൽ ആദ്യം അവതരിപ്പിക്കുന്നത് :

(A) രാജ്യസഭയിൽ (B) ലോകസഭയിൽ

(C) സംയുക്ത സമ്മേളനത്തിൽ (D) മുകളിൽ പറഞ്ഞവയൊന്നുമല്ല

15. സാമ്പത്തികശാസ്ത്രത്തിൽ നോബേൽ സമ്മാനം നേടിയ ഭാരതീയൻ :

(A) ടാഗോർ (B) അമർത്യാസെൻ

(C) എ.പി.ജെ. അബ്ദുൾകലാം (D) സി.വി. രാമൻ

16. പുതിയ UN സെക്രട്ടറിജനറൽ :

(A) ഡൊണാൾഡ് ട്രംപ് (B) ബാൻ കിമൂൺ

(C) അന്റോണിയോ ഗുഡ്റസ് (D) ആൻജലാമെർക്കൽ

17. 'കറുപ്പുവ്യാപാരം' ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ഫ്രാൻസ് (B) അമേരിക്ക (C) ചൈന (D) റഷ്യ

18. ക്വിറ്റ് ഇന്ത്യാ സമരം നടന്ന വർഷം :

(A) 1946 (B) 1942 (C) 1936 (D) 1930

19. 'ഗീതാഞ്ജലി' ആരുടെ രചനയാണ് ?

(A) സുബ്രഹ്മണ്യ ഭാരതി (B) ടാഗോർ

(C) സത്യജിത്റായ് (D) ബങ്കിംചന്ദ്രചാറ്റർജി

20. കാർബൺഡയോക്സൈഡിന്റെ രാസസൂത്രം :

(A) $CO_2$ (B) CO (C) $H_2O$ (D) $O_2$

21. കേരളത്തിന്റെ ഇപ്പോഴത്തെ ആരോഗ്യമന്ത്രി :

(A) പ്രൊഫ. സി. രവീന്ദ്രനാഥ് (B) ശ്രീമതി ശൈലജ

(C) കടകംപള്ളി സുരേന്ദ്രൻ (D) കെ.ടി. ജലീൽ

22. ഹൈഡ്രജൻ കണ്ടുപിടിച്ചത് :

(A) ലവോസിയെ (B) റോബർട്ട് ഹുക്ക്

(C) സാമുവൽ ഹനിമാൻ (D) കാവൻഡിഷ്

23. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ നദി :

(A) സിന്ധു (B) ഗോദാവരി (C) ഗംഗ (D) ബ്രഹ്മപുത്ര

24. അന്താരാഷ്ട്ര മണ്ണ് വർഷം :

(A) 2016 (B) 2017 (C) 2015 (D) 2014

25. നമ്മുടെ രാജ്യത്ത് ഭൂപടങ്ങൾ നിർമ്മിക്കുന്ന ഔദ്യോഗിക ഏജൻസി :

(A) NPA (B) സർവ്വേ ഓഫ് ഇന്ത്യ

(C) CBI (D) NIFTI

26. താഴെ പറയുന്നവരിൽ ആരുടെ മന്ത്രിയായിരുന്നു ചാണക്യൻ ?

(A) സമുദ്രഗുപ്തൻ (B) ചന്ദ്രഗുപ്തമൗര്യൻ

(C) ചന്ദ്രഗുപ്തൻ II (D) ചന്ദ്രഗുപ്തൻ I

27. ഇന്ത്യയുടെ സമയം നിർണയിക്കുന്ന ഔദ്യോഗിക രേഖാംശം :

(A) 82.5° കിഴക്കൻ രേഖാംശം (B) ഗ്രീനിച്ച് രേഖ

(C) ഉത്തരായനരേഖ (D) ദക്ഷിണായനരേഖ

28. കാൽബൈശാഖി എന്നത് :

(A) ശൈത്യകാറ്റ് (B) നൃത്തം (C) മഴ (D) ഉത്സവം

29. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി :

(A) എവറസ്റ്റ് (B) ആനമുടി
(C) ഹിമാലയം (D) ഗോഡ്‌വിൻ ആസ്റ്റിൻ

30. ചാമ്പ്യൻസ് ട്രോഫി 2017 -ലെ വിജയി :

(A) ശ്രീലങ്ക (B) പാക്കിസ്ഥാൻ (C) ഇന്ത്യ (D) ബംഗ്ലാദേശ്

31. കൊച്ചിമെട്രോ രാജ്യത്തിനു സമർപ്പിച്ചത് :

(A) പ്രധാനമന്ത്രി (B) കേരളമുഖ്യമന്ത്രി
(C) ഇ.എം. ശ്രീധരൻ (D) DMRC ചെയർമാൻ

32. നമ്മുടെ ദേശീയഗാനം രചിച്ചിരിക്കുന്നത് :

(A) ടാഗോർ (B) ബങ്കിംചന്ദ്രചാറ്റർജി
(C) മുഹമ്മദ് ഇക്ബാൽ (D) സുബ്രഹ്മണ്യഭാരതി

33. ദ്രോണാചാര്യ അവാർഡ് നൽകപ്പെടുന്നത് :

(A) മികച്ച അത്‌ലറ്റിന് (B) മികച്ച ടെന്നീസ് താരത്തിന്
(C) മികച്ച പരിശീലകന് (D) മികച്ച സ്പോർട്സ് താരത്തിന്

34. സ്വാതന്ത്ര്യം തന്നെ ജീവിതം. സ്വാതന്ത്ര്യം തന്നെയമൃതം. – ഈ വരികൾ ആരുടേത്.

(A) വള്ളത്തോൾ (B) ചെറുശ്ശേരി
(C) ഉള്ളൂർ (D) കുമാരനാശാൻ

35. സസ്യങ്ങളിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിക്കുന്ന വാതകം :

(A) നൈട്രജൻ (B) ഓക്സിജൻ
(C) കാർബൺഡയോക്സൈഡ് (D) ഹൈഡ്രജൻ

36. ഇന്ത്യയിൽ ജനസംഖ്യാ കണക്കെടുപ്പ് നടക്കുന്നത് എത്ര വർഷം കൂടുമ്പോൾ :

(A) 5 (B) 4 (C) 11 (D) 10

37. മലയാള ഭാഷയുടെ പിതാവ് :

(A) ഉള്ളൂർ (B) വള്ളത്തോൾ

(C) തുഞ്ചത്ത് എഴുത്തച്ഛൻ (D) ചെറുശ്ശേരി

38. ഇന്ത്യയുടെ ആദ്യ രാഷ്ട്രപതി :

(A) ഡോ. രാജേന്ദ്രപ്രസാദ് (B) ഡോ. രാധാകൃഷ്ണൻ

(C) ഡോ. സക്കീർഹുസൈൻ (D) ജവഹർലാൽ നെഹ്റു

39. ഇന്ത്യയുടെ മിസൈൽമാൻ എന്നറിയപ്പെടുന്നത് :

(A) രാജാരാമണ്ണ (B) എ.പി.ജെ. അബ്ദുൾകലാം

(C) വിക്രം സാരാഭായ് (D) ഇവരാരുമല്ല

40. ജൂൺ 2 വെള്ളിയാഴ്ചയാണെങ്കിൽ ജൂൺ 29 ഏത് ദിവസമായിരിക്കും ?

(A) തിങ്കൾ (B) വെള്ളി (C) വ്യാഴം (D) ശനി

41. ആലുവ ഏത് നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു ?

(A) പെരിയാർ (B) ഭാരതപ്പുഴ (C) ചാലിയാർ (D) പമ്പ

42. 'പയ്യോളി എക്സ്പ്രസ്' എന്നറിയപ്പെടുന്നത് :

(A) ഷൈനി വിൽസൺ (B) പി.ടി. ഉഷ

(C) എം.ഡി. വൽസമ്മ (D) ടിനുയോഹന്നാൻ

43. സാർവികദാതാവ് എന്നറിയപ്പെടുന്ന രക്ത ഗ്രൂപ്പ് :

(A) O നെഗറ്റീവ് (B) AB നെഗറ്റീവ്

(C) AB പോസിറ്റീവ് (D) O പോസിറ്റീവ്

44. അരുവിപ്പുറം ശിവപ്രതിഷ്ഠ നടത്തിയത് :

(A) അയ്യങ്കാളി (B) ശ്രീനാരായണഗുരു

(C) ചട്ടമ്പിസ്വാമികൾ (D) ശ്രീശങ്കരാചാര്യർ

45. കേരള ഹൈക്കോടതി സ്ഥിതി ചെയ്യുന്നത് :

(A) തിരുവനന്തപുരം (B) തൃശ്ശൂർ
(C) എറണാകുളം (D) കോഴിക്കോട്

46. സൂര്യപ്രകാശം ഭൂമിയിലെത്താൻ എടുക്കുന്ന സമയം :

(A) 500 സെക്കന്റ് (B) 800 സെക്കന്റ്
(C) 820 സെക്കന്റ് (D) 400 സെക്കന്റ്

47. ഉറുമ്പുകൾ സ്രവിപ്പിക്കുന്ന ആസിഡ് :

(A) കാർബോണിക് ആസിഡ് (B) HCl
(C) സൽഫ്യൂറിക് ആസിഡ് (D) ഫോർമിക് ആസിഡ്

48. ലോകപരിസ്ഥിതി ദിനം :

(A) ജൂൺ 5 (B) ഡിസംബർ 10 (C) ജൂലായ് 11 (D) ജൂൺ 26

49. കേരള വനിതാകമ്മീഷൻ ചെയർപേഴ്സൺ :

(A) നളിനി നെറ്റോ (B) എം.സി. ജോസഫൈൻ
(C) അഡ്വ. ലിസിജോസ് (D) ശ്രീമതി ശൈലജ

50. എച്ച്.എസ്. പ്രണോയ് താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു :

(A) അത്‌ലറ്റിക്സ് (B) ലോങ് ജംപ് (C) ടെന്നീസ് (D) ബാഡ്മിന്റൺ

51. മൗലികകർത്തവ്യങ്ങൾ പ്രതിപാദിക്കുന്നത് :

(A) ഭരണഘടനയുടെ ഭാഗം III -ൽ (B) ഭാഗം IV A
(C) ഭാഗം II -ൽ (D) ഭാഗം VI A

52. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം :

(A) കണ്ണൂർ (B) കോഴിക്കോട് (C) തൃശ്ശൂർ (D) തിരുവനന്തപുരം

53. NASA ഏതു രാജ്യത്തിന്റെ ബഹിരാകാശ ഏജൻസിയാണ് ?

(A) റഷ്യ (B) ചൈന (C) ഇന്ത്യ (D) അമേരിക്ക

54. മംഗോളിയൻ സാമ്രാജ്യം സ്ഥാപിച്ചത് :
(A) ചെങ്കിസ്ഖാൻ (B) മുഹമ്മദ്ഗോറി
(C) ഇൽത്തുമിഷ് (D) കുത്തബുദ്ദീൻ ഐബക്ക്

55. വാസ്കോഡഗാമ കോഴിക്കോട് ആദ്യമായി എത്തിചേർന്നത് :
(A) 1498 (B) 1848 (C) 1898 (D) 1489

56. വിമാനത്തിലുപയോഗിക്കുന്ന ബ്ലാക്ക്ബോക്സിന്റെ നിറം :
(A) വെളുപ്പ് (B) കറുപ്പ് (C) ഓറഞ്ച് (D) നീല

57. ടോക്കിയോ ഏത് രാജ്യത്തിന്റെ തലസ്ഥാനമാണ് ?
(A) ചൈന (B) ജപ്പാൻ (C) സൈബീരിയ (D) മംഗോളിയ

58. കല്ലേൽ പൊക്കുടന്റെ ആത്മകഥ :
(A) നിശ്ശബ്ദവസന്തം (B) കണ്ടൽകാടുകളിലൂടെ എന്റെ ജീവിതം
(C) തക്ഷസ്വരൂപം (D) കഴിഞ്ഞകാലം

59. എയ്ഡ്സ് വ്യാപനത്തിനു കാരണമാവുന്നത് :
(A) വൈറസ് (B) ഫംഗസ് (C) ബാക്ടീരിയ (D) കാറ്റ്

60. കേരളപ്പിറവി ദിനം :
(A) നവംബർ 14 (B) നവംബർ 1 (C) ആഗസ്റ്റ് 29 (D) ആഗസ്റ്റ് 15

61. പൂർണ്ണ വളർച്ചയെത്തിയ മനുഷ്യ ശരീരത്തിലെ അസ്ഥികളുടെ എണ്ണം എത്ര ?
(A) 187 (B) 206 (C) 204 (D) 197

62. മനുഷ്യന്റെ പല്ല് നിർമ്മിച്ചിരിക്കുന്നത് താഴെ പറയുന്ന ഏതു വസ്തു കൊണ്ടാണ് ?
(A) പെന്റേൻ (B) കാത്സ്യം (C) ബ്യൂട്ടേൻ (D) ഡെൻന്റേൻ

63. വിറ്റാമിൻ A -യുടെ കുറവുമൂലം മനുഷ്യരിൽ ഉണ്ടാകുന്ന ഒരു രോഗമാണ് :
(A) കരൾവീക്കം (B) വർണ്ണാന്ധത
(C) നിശാന്ധത (D) തിമിരം

64. സൂര്യപ്രകാശമേൽക്കുന്ന മനുഷ്യശരീരത്തിന് ഏത് വിറ്റാമിൻ ലഭിക്കുന്നതായാണ് ശാസ്ത്ര പഠനങ്ങൾ തെളിയിക്കുന്നത് :

(A) വിറ്റാമിൻ A
(B) വിറ്റാമിൻ B കോംപ്ലക്സ്
(C) വിറ്റാമിൻ K
(D) വിറ്റാമിൻ D

65. ഛർദ്ദിയും വയറ്റിളക്കവുമുള്ള ഒരു വ്യക്തിക്ക് ആരോഗ്യപ്രവർത്തകർ ഉടൻ നിർദ്ദേശിക്കുന്ന പാനീയമേത് ?

(A) ചുക്ക് കാപ്പി
(B) ORS ലായനി
(C) മിൽക്ക് ഓഫ് മെഗ്നീഷ്യ
(D) പൊട്ടാസ്യം ലായനി

66. പന്നിയൂർ-1 താഴെ പറയുന്നവയിൽ ഏതിനം വിളകളാണ് ?

(A) കരിമ്പ്
(B) മരച്ചീനി
(C) പയർ
(D) കുരുമുളക്

67. മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം ഏത് ജില്ലയിൽ സ്ഥിതി ചെയ്യുന്നു ?

(A) പാലക്കാട്
(B) തിരുവനന്തപുരം
(C) കണ്ണൂർ
(D) ആലപ്പുഴ

68. വനങ്ങളുടെയും വനവിഭവങ്ങളുടെയും സംരക്ഷണത്തിനായി ഇന്ത്യയിൽ 1974-ൽ ആരംഭിച്ച ഒരു സാമൂഹിക പ്രസ്ഥാനമാണ് :

(A) ചിപ്കോ പ്രസ്ഥാനം
(B) ചേരി ചേരാ പ്രസ്ഥാനം
(C) ജ്ജറും പ്രസ്ഥാനം
(D) ബിഷ്ണോയ് പ്രസ്ഥാനം

69. ഒരു കോശത്തിനുള്ളിലെ പാരമ്പര്യ വാഹകരാണ് :

(A) മൈറ്റോകോൺട്രിയ
(B) റൈബോസോം
(C) ലൈസോസോം
(D) ഡി.എൻ.എ

70. ഭക്ഷണത്തിലെ കാർബോഹൈഡ്രേറ്റ് എന്ന ഘടകം ശരീരത്തിന് താഴെ പറയുന്നവയിൽ ഏത് നൽകുന്നു ?

(A) ഊർജ്ജം
(B) വളർച്ച
(C) പ്രത്യുൽപാദനം
(D) ദഹനം

71. ആറ്റത്തിന്റെ കേന്ദ്രഭാഗത്തിന് പറയുന്ന പേരെന്ത് ?

(A) ഓർബിറ്റ്
(B) ന്യൂക്ലിയസ്
(C) ഷെൽ
(D) ന്യൂട്രോൺ

72. അലൂമിനിയത്തിന്റെ അയിര് ഏതെന്ന് കണ്ടെത്തുക.

(A) ക്രയോലൈറ്റ് (B) ഹേമറ്റൈറ്റ് (C) ബോക്സൈറ്റ് (D) കലാമിൻ

73. ''ഞാനതെന്റെ കയ്യിലെടുത്തു പിടിച്ചാൽ മതി. അതുരുകും''–ഏതു മൂലകം കണ്ടുപിടിക്കുന്നതിന് മുമ്പ് മെൻഡലേയ്ഫ് അതിന്റെ ഗുണങ്ങളെ കുറിച്ച് പറഞ്ഞ പ്രസിദ്ധ വാക്യമാണിത് ?

(A) സോഡിയം (B) ഗാലിയം (C) ലിഥിയം (D) പൊട്ടാസ്യം

74. ജലത്തിലൂടെ വൈദ്യുതി കടത്തിവിട്ടാൽ അതിനെ ഹൈഡ്രജനും ഓക്സിജനുമായി വിഭജിക്കാമെന്ന് 1806 -ൽ കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആരാണ് ?

(A) ഹെൻറി കാവന്റിഷ് (B) ബെഴ്സിലിയസ്

(C) ജോൺ ഡാൾട്ടൻ (D) സർ ഹംഫ്രി ഡേവി

75. ഭക്ഷണ പദാർത്ഥങ്ങൾക്ക് മണവും, രുചിയും കിട്ടാൻ ഉപയോഗിക്കുന്ന അജിനോമോട്ടോ രാസപരമായി എന്താണെന്ന് കണ്ടെത്തുക.

(A) മോണോ സോഡിയം ഗ്ലൂട്ടമേറ്റ്

(B) സോഡിയം ബെൻസോയേറ്റ്

(C) പൊട്ടാസ്യം മെറ്റാബൈ സൾഫേറ്റ്

(D) അസറ്റിക് ആസിഡ്

76. പ്രവൃത്തിയുടെ യൂണിറ്റ് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?

(A) ന്യൂട്ടൺ (B) ജൂൾ (C) വാട്ട് (D) ഡെസിബൽ

77. ഇസ്തിരിപ്പെട്ടി പ്രവർത്തിക്കുമ്പോൾ വൈദ്യുതോർജ്ജം ഏത് ഊർജ്ജ രൂപത്തിലേക്ക് പരിവർത്തനം ചെയ്യുന്നു ?

(A) താപോർജ്ജം (B) രാസോർജ്ജം

(C) യാന്ത്രികോർജ്ജം (D) ഗതികോർജ്ജം

78. ശബ്ദം ശൂന്യതയിലൂടെ സഞ്ചരിക്കുമ്പോഴുള്ള വേഗതയെത്ര ?

(A) 6420 m/s (B) 1482 m/s (C) 965 m/s (D) 340 m/s

79. ഏതൊരു പ്രവർത്തനത്തിനും തുല്യവും വിപരീതവുമായ ഒരു പ്രതി പ്രവർത്തനം ഉണ്ടായിരിക്കും. ഇത് ന്യൂട്ടന്റെ ഏത് ചലന നിയമമാണ് ?

(A) ഒന്നാം ചലനനിയമം
(B) രണ്ടാം ചലന നിയമം
(C) മൂന്നാം ചലന നിയമം
(D) ഇവയിലേതുമല്ല

80. അന്തർദേശീയ പ്രകാശ വർഷമായി കണക്കാക്കിയ വർഷമേത് ?

(A) 2010
(B) 2012
(C) 2015
(D) 2016

81. $841 + 673 - 529 =$ __________ ?

(A) 859
(B) 985
(C) 598
(D) 895

82. 100 -ന്റെ വർഗ്ഗമൂലം എത്ര ?

(A) 10,000
(B) 10
(C) 1
(D) 100

83. $\frac{1}{2}$ -ന്റെ $\frac{1}{2}$ ഭാഗം എത്ര ?

(A) $\frac{1}{2}$
(B) 1
(C) $\frac{1}{4}$
(D) $\frac{3}{4}$

84. 5, 10, 12 എന്നീ സംഖ്യകളുടെ ലസാഗു എത്ര ?

(A) 10
(B) 600
(C) 120
(D) 60

85. 12, 20, 24 എന്നീ സംഖ്യകളുടെ ഉ.സാ.ഘ എത്ര ?

(A) 12
(B) 24
(C) 2
(D) 4

86. $\frac{2}{3} - \frac{1}{2} + \frac{5}{6} =$ __________ ?

(A) 2
(B) $\frac{5}{6}$
(C) $\frac{6}{11}$
(D) 1

87. $15.9 + 8.41 - 10.01 =$ __________ ?

(A) 100
(B) 90.01
(C) 14.3
(D) 13.49

**88.** 2.5 -ന്റെ വർഗ്ഗം എത്ര ?

(A) 625 (B) 62.5 (C) 6.25 (D) 0.625

**89.** ഒരു കച്ചവടക്കാരൻ ഒരു ഡസൻ പെൻസിൽ 48 രൂപയ്ക്ക് വാങ്ങി. ഒരു പെൻസിലിന് 5 രൂപ നിരക്കിൽ വിറ്റാൽ അയാൾക്ക് ലഭിച്ച ലാഭം എത്ര രൂപ ?

(A) 60 (B) 12 (C) 48 (D) 24

**90.** ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന 5 ആളുകളുടെ പ്രായം 25, 27, 33, 41, 54 ആയാൽ അവരുടെ ശരാശരി പ്രായം എത്ര ?

(A) 33 (B) 40 (C) 31 (D) 36

**91.** A -യിൽ നിന്ന് B -യിലേക്കുള്ള ദൂരം 150 മീറ്റർ. ഒരു സെക്കന്റിൽ 5 മീറ്റർ വേഗത്തിൽ ഓടുന്ന മോട്ടോർ ബൈക്കിൽ യാത്ര ചെയ്താൽ A -യിൽ നിന്ന് B -യിലേയ്ക്ക് എത്തിച്ചേരുവാൻ എടുക്കുന്ന സമയം എത്ര ?

(A) 30 മിനിറ്റ് (B) 30 സെക്കന്റ് (C) 15 മിനിറ്റ് (D) 15 സെക്കന്റ്

**92.** $18 + 4 \times 3 - 10 \div 5 =$ __________ ?

(A) $\frac{56}{5}$ (B) 8 (C) 20 (D) 28

**93.** 1, 2, 4, 7, 11.... ഇങ്ങനെ തുടർന്നാൽ അടുത്ത സംഖ്യ ഏത് ?

(A) 15 (B) 16 (C) 17 (D) 18

**94.** $2 = 5,\ 3 = 6,\ 4 = 7$ ആയാൽ $5 =$ __________ ?

(A) 10 (B) 9 (C) 8 (D) 11

**95.** തന്നിരിക്കുന്നവയിൽ അഭാജ്യ സംഖ്യ ഏത് ?

[ 1, 2, 6, 9 ]

(A) 1 (B) 2 (C) 6 (D) 9

96. തന്നിരിക്കുന്ന സംഖ്യകൾ ആരോഹണ ക്രമത്തിൽ എഴുതിയാൽ $\frac{7}{10}$ -ന്റെ സ്ഥാനം എത്രാമത് ?

$\left[\frac{1}{2}, \frac{3}{4}, \frac{2}{5}, \frac{7}{10}\right]$

(A) 1-ാമത് (B) 2-ാമത് (C) 3-ാമത് (D) 4-ാമത്

97. $2\frac{1}{5}$ -ന് തുല്യമായത് ഏത് ?

(A) $\frac{8}{5}$ (B) $\frac{11}{5}$ (C) $\frac{3}{5}$ (D) $\frac{10}{5}$

98. ഒരു വർഷം മുമ്പ് അമ്മയുടെ പ്രായം മകന്റെ പ്രായത്തിന്റെ 6 മടങ്ങാണ്. അമ്മയ്ക്ക് ഇപ്പോൾ 31 വയസ് പ്രായം ഉണ്ടെങ്കിൽ മകന്റെ ഇപ്പോഴത്തെ പ്രായം എത്ര ?

(A) 5 (B) 6 (C) 10 (D) 15

99. ഒരാൾ നിന്ന സ്ഥലത്ത് നിന്നും നേർരേഖയിൽ 8 മീറ്റർ മുൻപോട്ട് നടക്കുന്നു. അവിടെ നിന്നും ഇടത്തോട്ട് തിരിഞ്ഞ് നേർരേഖയിൽ 6 മീറ്റർ നടന്നു. ഇപ്പോൾ അയാൾ നിൽക്കുന്ന സ്ഥലവും ആദ്യം നിന്ന സ്ഥലവും തമ്മിൽ എത്ര മീറ്റർ അകലം ഉണ്ട് ?

(A) 14 (B) 15 (C) 10 (D) 20

100. ഒരു കൃഷിക്കാരന്റെ കയ്യിൽ നിന്ന് 50 കായുള്ള ഒരു നേന്ത്രക്കുല 500 രൂപയ്ക്ക് കച്ചവടക്കാരൻ വാങ്ങി. അയാൾ 1 പഴത്തിന് 12 രൂപ നിരക്കിൽ വിറ്റാൽ കൃഷിക്കാരന് വിലയിൽ ഉണ്ടായ നഷ്ടം എത്ര രൂപ ?

(A) 50 (B) 120 (C) 12 (D) 100

- o 0 o -